# ദൈവീക ജ്ഞാനം

## യേഹേസ്കേൽ 36:26

"ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും."

ജ്ഞാനത്തിന്റെ ഉറവിടം ദൈവമാണ്. സദൃശ്യവാക്യത്തിൽ നമുക്ക് കാണാം, ശലോമോൻ, ദൈവത്തോട് ജ്ഞാനമുള്ള ഹൃദയം ചോദിക്കുന്നത്, എന്തിനു വേണ്ടിയാണ്; തനിക്ക് രാജ്യം ഭരിക്കുവാൻ വേണ്ടി. ദൈവത്തോടുള്ള അവന്റെ ഭക്തിയും വിശ്വാസവും കാരണം ദൈവം അവനു ദൈവീക ജ്ഞാനം പകർന്നു നൽകി. പ്രിയരേ, നാമും ദിവസവും ദൈവത്തോട് ജ്ഞാനം ചോദിക്കണം. നാം ചോദിച്ചാൽ ദൈവം അത് നമുക്ക് തരികതന്നെ ചെയ്യും. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു. (1 യോഹന്നാൻ 5:15).

വചനത്തിനു അടിസ്ഥാനമായി നാം ചിന്തിക്കുമ്പോൾ, പല തരത്തിലുള്ള ഹൃദയങ്ങൾ കാണുവാൻ സാധിക്കും: ജ്ഞാനമുള്ള ഹൃദയം, വിശാലതയുള്ള ഹൃദയം, നിർമ്മലമായ ഹൃദയം, സമ്പൂർണ്ണമായ ഹൃദയം, നേരുള്ള ഹൃദയം, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയം, ശോധനചെയ്തു വീണ്ടും പ്രതിഷ്ഠിക്കുന്നതായ ഹൃദയം, അങ്ങനെ പലതും. അതുകൊണ്ട് ക്രിസ്തുവിന്റെ ഹൃദയത്തിനു തുല്യമായ ഒരു ഹൃദയം നമുക്കും വേണം.

പ്രിയമുള്ളവരേ ജ്ഞാനമുണ്ടങ്കിൽ മാത്രമേ നമ്മുടെ അറിവിനെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുവാനായിട്ടു സാധിക്കുകയുള്ളു. അതിനാലാണ് വചനം ഇങ്ങനെ പറയുന്നത് ജ്ഞാനം തന്നേ പ്രധാനം; ജ്ഞാനം സമ്പാദിക്ക; നിന്റെ സകലസമ്പാദ്യത്താലും വിവേകം നേടുക. സദൃശ്യവാക്യങ്ങൾ 4:7

യഥാർത്ഥ ജ്ഞാനം ഉയരത്തിൽനിന്നുമാണ് വരുന്നത്, എന്നു വച്ചാൽ അത് ദൈവത്തിൽ നിന്നാണ് വരുന്നത്. മാനുഷിക ജ്ഞാനം, ബുദ്ധിയിൽ കൂടി വരുമ്പോൾ, ദൈവീക ജ്ഞാനം വെളിപ്പാടിലൂടെയാണ് ലഭിക്കുന്നത്. ബുദ്ധിപരമായ ജ്ഞാനം നശിക്കുന്നതാണ് എന്നാൽ ദൈവീക ജ്ഞാനമോ എന്നേക്കും നിലനിൽക്കും. വചനം പറയുന്നു മനുഷ്യന്റെ ജ്ഞാനമോ ദൈവീകസന്നിധിയിൽ ഭോഷത്തമാണ്. ഈ ലോകത്തിൽ നമുക്ക് അനേകം പ്രശ്നങ്ങളും, പ്രതിസന്ധികളും ഉണ്ട്, എന്നാൽ നാം പലപ്പോഴും നമ്മുടെ പ്രശ്നങ്ങൾ മനുഷ്യരുടെ മുൻപിൽ അവതരിപ്പിക്കാനും, അവരുടെ ആശ്വാസവാക്കുകൾ

കേൾക്കുവാനുമാണ് ആഗ്രഹിക്കുന്നത്. നമ്മുടെ ദുഃഖങ്ങളെ നാം മനുഷ്യരുടെ മുൻപിൽ അവതരിപ്പിക്കുമ്പോൾ, അവിടെ ദൈവീക പ്രവർത്തി ചിലപ്പോൾ വെളിപ്പെടുകയില്ല എന്ന സത്യം നാം മനസ്സിലാക്കണം.

യഹോവ തന്റെ വചനത്തിലൂടെ ആവശ്യപ്പെടുന്നതോ, നിർദേശിക്കുന്നതോ ആയ എന്തും, എപ്പോഴും ശരിയായിരിക്കുമെന്ന് അവനിൽ ആശ്രയിക്കുന്ന ഒരു ഹൃദയത്തിന് അറിയാം. ആ ദൈവീക നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ, നാം നമ്മുടെ ഹൃദയങ്ങളെ എപ്പോഴും ഒരുക്കുന്നവരാകണം. ആ ഒരുക്കത്തിനുവേണ്ടി നാം എപ്പോഴും യെഹോവയെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കണം. നാം നമ്മുടെ ഒരു ദിവസം ആരംഭിക്കുവാൻ പോകുന്നതിനു മുൻപേ ദൈവസന്നിധിയിൽ ഒരു നിമിഷം ദൈവീക ജ്ഞാനത്തിനായി അപേക്ഷിക്കണം. അപ്പാ ഇന്ന് ഞാൻ ചെയ്യാൻ പോകുന്ന എല്ലാ കാര്യങ്ങളിലും അവിടുത്തെ ജ്ഞാനം പകർന്നു നൽകണമേ എന്ന് പ്രാർത്ഥിക്കണം. സദൃശവാക്യങ്ങൾ 2:6–9 പറയുന്നു: "യഹോവയല്ലോ ജ്ഞാനം നല്കുന്നതു; അവന്റെ വായിൽനിന്നു പരിജ്ഞാനവും വിവേകവും വരുന്നു. അവൻ നേരുള്ളവർക്കു രക്ഷ സംഗ്രഹിച്ചു വെക്കുന്നു: നിഷ്കളങ്കമായി നടക്കുന്നവർക്കു അവൻ ഒരു പരിച തന്നേ. അവൻ ന്യായത്തിന്റെ പാതകളെ കാക്കുന്നു; തന്റെ വിശുദ്ധന്മാരുടെ വഴിയെ സൂക്ഷിക്കുന്നു. അങ്ങനെ നീ നീതിയും ന്യായവും നേരും സകലസന്മാർഗ്ഗവും ഗ്രഹിക്കും." ദൈവത്തിന്റെ ഇഷ്ടം മനസിലാക്കി, നമ്മെ തന്നെ പൂർണ്ണമായും സമർപ്പിച്ചു നൽകിക്കൊണ്ട്, അവിടുന്ന് നൽകുന്ന ഓരോ ദിനങ്ങളും ആരംഭിക്കുവാൻ നമുക്ക് സാധിക്കണം. അങ്ങനെ ആരംഭിക്കുന്ന ഓരോ ദിവസവും നാം നീതിയും സമാധാനവും വിതക്കുന്നവരാകും. അങ്ങനെ ദൈവത്തിന്റെ ആഗ്രഹം നമ്മുടെ ജീവിതത്തിൽ കൊയ്ത് എടുക്കുകയും ചെയ്യാം. നാം വിതക്കുന്ന നീതിയും സമാധാനവും, മറ്റുള്ളവരുടെ ജീവിതത്തിലേക്ക് പകർന്നു നൽകുവാൻ കർത്താവു അനുഗ്രഹിക്കുകയും ചെയ്യും നിച്ഛയം. ഈ വചനങ്ങളാൽ നീതിയും സമാധാനവും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുമാറാകട്ടെ. ആമേൻ

പരാമർശം

യാക്കോബ് 3:17–18

ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലം കൊയ്യും.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 018